
# പ്ലാച്ചിമട സമരം ജനാധികാരത്തിനായുള്ള രാഷ്ട്രീയ പ്രവർത്തനമാകണം

ഡോ. നിസാർ അഹമ്മദ്



വര : ജോർജ്ജ് ആർ.

**പ്ലാച്ചിമടയിലൊക്കെ സംഭവിക്കുന്നത് ജനങ്ങളുടെ വാസവ്യവസ്ഥ അതിക്രമിക്കപ്പെടുക എന്നതാണ്. ഇവിടെയൊക്കെ രാഷ്ട്രീയ പ്രവർത്തനം എന്നത് ജനാധികാര വ്യവസ്ഥയെപ്പറ്റിത്തന്നെ നല്ലൊരു ധാരണ പൊതുസമൂഹത്തിൽ ഉണ്ടാക്കുകയെന്നുള്ളതാണ്.**

സിവിൽ സൊസൈറ്റിയും സ്റ്റേറ്റ് ആകുകയാണോ എന്നതാണ് എന്റെ പേടി. കേരളത്തിലെ പൗരസമൂഹം സ്മാർട്ട് സിറ്റി കാര്യത്തിൽ കാണിക്കുന്ന ആഹ്ലാദം കാണുമ്പോൾ തോന്നുന്നതാണിത്. ഇത്തരം വികസന കാര്യങ്ങളിൽ ഇടതുപക്ഷവും വലതുപക്ഷവും ഒരേ മനോഭാവമാണെന്നത് ദുഃസൂചകമായ കാര്യമാണ്. പ്ലാച്ചിമട പോലുള്ള സമരപ്രവർത്തനങ്ങൾ വികസനവിരുദ്ധമായി മുദ്രകുത്തപ്പെടുന്നത് ഈ മനോഭാവങ്ങളുടെ ഫലമാണ്. പ്രതിരോധ പ്രവർത്തകർ വികസന വിരോധികളാണ് എന്ന പ്രചാരണം സാമൂഹിക പ്രവർത്തനങ്ങളെ വല്ലാതെ ക്ഷീണിപ്പിക്കും.

ഏതൊരു സമൂഹമാണോ തങ്ങളുടെ ശബ്ദം കേൾപ്പിക്കാൻ ശ്രമിക്കുന്നത് ആ വിഭാഗം ജനങ്ങളാണ് സിവിൽ സമൂഹം അല്ലെങ്കിൽ പൊതുസമൂഹം എന്ന് ഞാൻ പറയുന്നത്. സിവിൽ സമൂഹം എന്ന് പറയുമ്പോൾ അതിൽ ഒരു തർക്കശാസ്ത്രം ഉണ്ട്. ചിലപ്പോൾ അതിന് ഒരു പ്രശ്നത്തിൽ തുടർച്ചയായി താല്പര്യമുണ്ടാകണമെന്നില്ല. ബുദ്ധിജീവികൾ ചിലപ്പോൾ വേറെ കാര്യങ്ങൾ ഏറ്റെടുക്കും. അപ്പോൾ ആദ്യം പറഞ്ഞ കാര്യങ്ങൾ ആരും ശ്രദ്ധിക്കാതാകും.


പ്ലാച്ചിമട സമരം പൗരസമൂഹത്തിനകത്തുള്ള സമരമാണ്. അതുകൊണ്ട് പൊതുസമൂഹത്തിന്റെ പിന്തുണ തേടുക എന്നത് പ്രധാനമാണ്. പക്ഷേ പൊതുസമൂഹം ഇന്ന് വിഘടിതമാണ്. പല അഭിപ്രായങ്ങൾക്കകത്താണ് അത് നിൽക്കുന്നത്. അതിനിടയിലാണ് പ്ലാച്ചിമട സമരത്തിന്റെ പ്രചരണങ്ങൾ നടത്തേണ്ടിവരുന്നത്. പൗരസമൂഹം ഇന്ന് ഒരു പ്രതിസന്ധി ഘട്ടത്തിലാണെന്ന് പറയാം-നിയോലിബറൽ ആശയങ്ങളുടെയും അതിന്റെ വിപരീത ഗുണങ്ങളുടെയും സംഘർഷത്താൽ. ഗവൺമെന്റും ഇടതുപക്ഷവും ഇതിൽ നിയോലിബറൽ ആശയങ്ങളുടെ പ്രചാരകന്മാരായതുകൊണ്ട് അതിന് മേൽക്കൈ കിട്ടാനിടയുണ്ട്. ആഗോളവൽക്കരണത്തിന്റെ പൊതുഗുണങ്ങൾ പൊതു സമൂഹത്തിൽ വളരെ മെല്ലെയായിട്ടും അനുസ്യൂതമായിട്ടും ഊർന്നിറങ്ങിക്കൊണ്ടിരിക്കുകയാണെന്ന് സിവിൽ സമൂഹത്തിൽ പ്രചരിക്കപ്പെടുകയാണ്. 'നല്ലകാലം പിറക്കും' എന്ന ആളുകളുടെ പ്രത്യാശ ഉണർത്തപ്പെടുന്നതുപോലെ.

ആഗോളവൽക്കരണവും നവോദാര സാമ്പത്തിക നയങ്ങളും രണ്ടും രണ്ടായിട്ട് തന്നെ കാണണം. ആഗോളവൽക്കരണം ഒരുപാട് ഘടകങ്ങളുടെ അനന്തരഫലമാണ്. സാമൂഹികമായ മാറ്റം ആണത്. അത് ഇന്നല്ലെങ്കിൽ വേറൊരവസരത്തിൽ വരും. നവോദാര പദ്ധതികളെക്കുറിച്ചുള്ള വീക്ഷണം അതല്ല. ജനങ്ങളുടെ താൽപര്യങ്ങൾക്ക് എതിരായിട്ട് ഒരു ഗവൺമെന്റ് കരാറുകളിൽ ഒപ്പുവെക്കാൻ നിർബന്ധിക്കപ്പെടുന്നത് നല്ലതോ ചീത്തയോ എന്നത് അടിസ്ഥാനപരമായ ചോദ്യമാണ്. ഇത് കാര്യമായി ചർച്ച ചെചയ്യപ്പെടുന്നില്ല. ഇതിലെല്ലാം നടക്കുന്നത് ബലപ്രയോഗത്തിലൂടെ (Coercive mechanism) ആണ്. ഇത്തരത്തിലുള്ള ഉടമ്പടികൾ ലോകത്ത് എല്ലായിടത്തും വരികയാണ്. ഇക്കാര്യം ജനങ്ങളെ അറിയിക്കാനുള്ള ബാദ്ധ്യത രാഷ്ട്രീയ പാർട്ടികളോ സിവിൽ സമൂഹ പ്രസ്ഥാനങ്ങളോ കേരളത്തിൽ ഏറ്റെടുത്തു കാണുന്നില്ല. ഫ്രാൻസ് പോലുള്ള രാജ്യങ്ങളിൽ ഉന്നതസ്ഥാനങ്ങളിലുള്ള പലരും അവരുടെ സ്ഥാനമാനങ്ങളിൽ നിന്ന് പുറത്തുവന്ന് സംസാരിക്കുന്നുണ്ട്. സ്റ്റിഗ്ലിസ് ഒക്കെ അതിന് ഉദാഹരണമാണ്. ഇന്ത്യയിലോ കേരളത്തിലോ ഈ അന്തരീക്ഷമില്ല. പക്ഷേ രാഷ്ട്രീയ പ്രവർത്തനത്തിന്റെ ധാർമ്മികത നിലനിൽക്കുന്ന അന്തരീക്ഷമാണ് നമ്മുടേത്. ഗാന്ധിജിയും നാരായണഗുരുവും ഇതിന് നല്ല ഉദാഹരണമാണ്. എന്താണ് പ്രശ്നം, എന്താണ് ധർമ്മം, എവിടെയാണ് സത്യം കിടക്കുന്നത് എന്നതൊക്കെ നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

പ്ലാച്ചിമടയിലൊക്കെ സംഭവിക്കുന്നത് ജനങ്ങളുടെ വാസവ്യവസ്ഥ അതിക്രമിക്കപ്പെടുക എന്നതാണ്. ഇവിടെയൊക്കെ രാഷ്ട്രീയ പ്രവർത്തനം

എന്നത് ജനാധികാര വ്യവസ്ഥയെപ്പറ്റിത്തന്നെ നല്ലൊരു ധാരണ പൊതുസമൂഹത്തിൽ ഉണ്ടാക്കുകയെന്നുള്ളതാണ്. അത്തരത്തിലുള്ള പ്രവർത്തനം വേണ്ടിവരുമ്പോൾ പ്ലാച്ചിമടയെപ്പറ്റി മാത്രമല്ല ജനാധികാരത്തെ സംബന്ധിച്ചും ജനപ്രതിനിധിവ്യവസ്ഥ എങ്ങനെ പ്രവർത്തനക്ഷമമാകുന്നുവെന്നും നമുക്ക് തിരിച്ചറിവ് കിട്ടും. അതുകൊണ്ട് എന്താണ് ജനാധികാരം, അത് യാഥാർത്ഥ്യമാകുന്നത് എങ്ങനെ എന്ന തരത്തിലുള്ള ഒരു വിദ്യാഭ്യാസമാണ് വേണ്ടിവരിക. പ്ലാച്ചിമട സമരത്തിലെ രാഷ്ട്രീയ പ്രവർത്തനം പ്ലാച്ചിമടയിൽ മാത്രമായിപോവരുത്.

'നമ്മൾ' എന്നത് ഉണ്ടാകണമെന്നില്ല. ആളുകളെ ഒരു പ്രത്യേക രീതിയിൽ ക്രമപ്പെടുത്തുന്ന വ്യവസ്ഥയാണ് വന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് രാഷ്ട്രീയം സാദ്ധ്യമല്ലായെന്ന സ്ഥിതി വരാം. പ്രകൃതിയിൽ കാറ്റുവീശുന്നതുപോലെ, മഴ പെയ്യുന്നതുപോലെ സ്വാഭാവികമായതാണ് ഇപ്പോഴത്തെ സാമൂഹിക സാമ്പത്തിക രാഷ്ട്രീയ വ്യവസ്ഥ എന്ന് ആളുകൾ വിശ്വസിക്കുന്നത് പ്രബലമായി വരും. അപ്പോഴും പക്ഷേ ആഗോളവൽകരണത്തെ പ്രതിരോധിക്കുന്നവർ അംഗീകരിക്കപ്പെടാം. വെജിറ്റേറിയന്മാർ വ്യത്യസ്തയുടെ പേരിൽ അംഗീകരിക്കപ്പെടുന്നതുപോലെ. കേരളം മൗലികമായ ചിന്തയുടെ അഭാവമുള്ള സ്ഥലമായതുകൊണ്ട് എന്തും ഫാഷൻ ആയി സ്വീകരിക്കപ്പെടും. ജർമ്മനിയൊക്കെ മൗലികമായ ചിന്തകളുടെ വലിയ പാരമ്പര്യമുള്ള സ്ഥലമാണ്. അതുകൊണ്ടാണ് ഗ്രീൻ പാർട്ടിയൊക്കെ അവിടെ വേരുപിടിച്ചത്. കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽനിന്ന് വിഘടിച്ചവ എല്ലാം ശിഥിലമായി പോയി എന്നത് കേരളത്തിന്റെ മൗലികമായ ചിന്തയുടെ പാരമ്പര്യമില്ലായ്മയാണ് കാണിക്കുന്നത്.



**എന്താണ് ജനാധികാരം, അത് യഥാർത്ഥമാകുന്നത് എങ്ങനെ എന്ന തരത്തിലുള്ള ഒരു വിദ്യാഭ്യാസമാണ് വേണ്ടിവരിക. പ്ലാച്ചിമട സമരത്തിലെ രാഷ്ട്രീയ പ്രവർത്തനം പ്ലാച്ചിമടയിൽ മാത്രമായി പോവരുത്.**

*(സംഭാഷണത്തിൽനിന്ന് തയ്യാറാക്കിയത്)*
*തത്വശാസ്ത്ര വിഭാഗം, ശ്രീ ശങ്കര സംസ്കൃത സർവ്വകലാശാല, കാലടി*

# കോള – പെപ്സി ചൂഷണം അവസാനിപ്പിക്കുക

ഡോ. പി.എസ്. പണിക്കർ

1. പുതുശ്ശേരിയിലെ പെപ്സി കമ്പനി പ്രവർത്തിക്കുവാൻ തുടങ്ങിയ കഴിഞ്ഞ 5 കൊല്ലത്തിനിടയിൽ പ്രസ്തുത കമ്പനിയുടെ 10 കി.മി. ചതുരശ്ര വിസ്തൃയിലുള്ള പ്രദേശത്തെ കിണറുകളിലെ ജലനിരപ്പ് 30 അടിയോളം താഴുന്നുണ്ട്. ആകെയുള്ളവയിൽ ഇപ്പോൾ വെറും 1/10 കിണറുകളേ ഉപയോഗ്യമായിട്ടുള്ളൂ. പോക്കാംതോട്, വലിയ പോക്കാംതോട്, സത്രപ്പടി, പുത്തൂർ, ചുള്ളിമട, അട്ടപ്പള്ളം, ചക്കാൻകാട്, വാളയാർ, ചന്ദ്രാപുരം, പമ്പാപള്ളം, കനാൽപിരിവ്, കോങ്ങംപാറ, പി. കെ. ചള്ള. മായമ്പള്ളം, കൗശപാറ, പാറമേട്, എടുപ്പുകുളം, കൊയ്യാമരക്കാട്, കണ്ണോട്, കഞ്ചിക്കോട് തുടങ്ങിയ പ്രദേശങ്ങളിലെ സ്ഥിതിയാണിത്. കുഴൽ കിണറിൽ നിന്ന് വെള്ളം പമ്പ് ചെയ്താണ് വാട്ടർ അതോറിറ്റി പൊതുവിതരണം നടത്തുന്നത്. എന്നാൽ ഈ കൊടും വേനലിൽ അവയിൽ പലതും പരായപ്പെട്ടു. തുടർന്ന് പരിമിതമായ തോതിൽ ടാങ്കറിൽ കുടിവെള്ളം വിതരണം നടത്തി. ഇതിനെ തുടർന്ന് ജനകീയ പ്രക്ഷോ ങ്ങളും ഉണ്ടായി. വെള്ളം വിൽക്കുന്ന ഏജൻസികളും കൊയ്ത്തു നടത്തുകയാണ്. ചന്ദ്രാപുരം കോളനിയിൽ മയ്യത്തുകുളിപ്പിക്കുന്നതിനു വരെ വെള്ളം വിലക്കുവാങ്ങേണ്ടി വന്നു. ചുരുക്കത്തിൽ, ഇവിടെ കൊടും ജലക്ഷാമം നേരിടുന്നുണ്ട്. കൃഷിയേയും ഇത് ബാധിച്ചു. കരിമ്പനകൾ പോലും ഉണങ്ങി.

2. പെപ്സി കമ്പനി കൂടാതെ, പെപ്സിയുടെ തന്നെയുള്ള അടുത്ത കോമ്പൗണ്ടിൽ നിരവധി കിണർ ഉള്ളതായി റിപ്പോർട്ടുണ്ട്. പടുകുറ്റൻ കുഴൽ കിണറുകൾ സ്ഥാപിച്ച് പ്രതിദിനം 15 ലക്ഷം ലിറ്ററിൽ അധികം ഭൂഗർഭ ജലം ചോർത്തുന്നതുമൂലം അപകടകരമായ തോതിൽ ഭൂഗർഭ ജലനിരപ്പ് ഇവിടെ താഴ്ന്നുകൊണ്ടിരിക്കുന്നു.

3. സമീപത്തു കൂടി ഒഴുകുന്ന വേലന്താവളം പുഴയിലേക്ക് മാലിന്യങ്ങൾ കമ്പനി ഒഴുകുന്നതുമൂലം പുഴയിലെ ജലവും മനിനീകരിക്കപ്പെടുന്നുണ്ട്.

4. ടി. ഫാക്ടറിയിൽ നിന്നും പല്പ്പോഴും ദുർഗന്ധം വമിക്കുന്നുണ്ടെന്ന് പരക്കെ പരാതിയുണ്ട്.

5. പ്ലാച്ചിമടയിലെ കൊക്കകോള കമ്പനിയും പ്രതിദിനം സുമാർ 15 ലക്ഷം ലിറ്ററിൽ അധികം വെള്ളം ചോർത്തുന്നുണ്ട്.

6. പറമ്പികുളത്തു നിന്നും വെള്ളം ലഭിക്കുന്ന മൂലത്തറ എൽ.ബി.സി. ഇതിനരികിലൂടെയാണ് ഒഴുകുന്നത്. ഈ കനാലിൽ നിന്ന് കമ്പനി വെള്ളം ചോർത്തുന്നതായി പരാതിയുണ്ട്. മീങ്കര, കമ്പാലത്തറ, വെങ്കലകയം റിസർവോയറുകളും ഇതിനടുത്തുതന്നെയാണ്. ചിറ്റൂർ പുഴ 2 കി.മി. അകലെയുമാണ്., കൃഷിക്കായി നിർമ്മിച്ച ഈ റിസർവോയറുകളിൽ നിന്നും, പുഴയിൽ നിന്നും വെള്ളം ചോർത്തിയെടുക്കുന്നതായി പരാതിയുണ്ട്.

7. ഈ പ്രദേശത്തേയും കിണറുകളിലെ ജലനിരപ്പിടഞ്ഞതായും മലിനപ്പെട്ടതായും പഠന റിപ്പോർട്ടുകൾ ഉണ്ട്.

8. ഇ ഫാക്ടറിയിൽ നിന്നുള്ള സ്ലഡ്ജ് കൃഷിസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നതുമൂലം മലിനീകരണം സൃഷ്ടിക്കുന്നതായും പരാതിയുണ്ട്.

9. ചുരുക്കത്തിൽ കൊക്കകോള പെപ്സി കമ്പനികൾ ഇവിടങ്ങളിലെ ആവാസ വ്യവസ്ഥയേയും പാരിസ്ഥിതിക സന്തുലിതാവസ്ഥയേയും തകർക്കുമെന്നതിൽ പക്ഷാന്തരമില്ല. അതുകൊണ്ട് അവ രണ്ടും അടച്ചുപൂട്ടുവാനും ഇവിടത്തെ ഭൂഗർഭജലം സംരക്ഷിക്കുവാനും കമ്മിറ്റി ശുപാർശ ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

10. ഇതുകൂടാതെ 5 ഡിസ്റ്റലറികളും 2 ബ്രൂവറികളും ഒരു ഡസനോളം മിനറൽ വാട്ടർ യൂണിറ്റുകളും കൂടി പ്രതിദിനം 15 ലക്ഷത്തോളം ലിറ്റർ ഭൂഗർഭജലം എടുക്കുന്നുണ്ട്. (List attached) ഇതും പാലക്കാട്ട് ജില്ലയിലെ ജലക്ഷാമത്തിന് കാരണമാകുന്നു. (കേരള നിയമസ സബ്ജറ്റ് കമ്മിറ്റി – പ്ലാച്ചിമട കൊക്കോകോള പുതുശ്ശേരി പെപ്സി കമ്പനികളുടെ ഭൂഗർഭ ജലചൂഷണം സംബന്ധിച്ച് കൊടുത്ത നിവേദനം)

*സെക്രട്ടറി, ജനജാഗ്രത,*
*തൊറപാളയം, പാലക്കാട്-1*